# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**പട്ടികജാതി വിഭാഗങ്ങളുടെ ആരോഗ്യ പരിരക്ഷ**

2458

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, വി. ഡി. സതീശൻ
,, ബെന്നി ബെഹനാൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങളുടെ ആരോഗ്യ പരിരക്ഷയ്ക്കായി എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ചികിത്സാ സൗകര്യങ്ങൾ ലഭ്യമല്ലാത്ത പട്ടികജാതി സങ്കേതങ്ങളോടനുബന്ധിച്ച് ആശുപത്രികൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) എങ്കിൽ ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**ഭൂരഹിതർക്ക് സഹായം**

2459 ശ്രീ. ഹൈബി ഈഡൻ
,, എ. റ്റി. ജോർജ്
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിൽ ഭൂരഹിതരായവർക്ക് വേണ്ടി എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;

(ബി) ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങാൻ സഹായകരമാകുന്ന വിധത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഭവനരഹിതർക്ക് വായ്പാ സൗകര്യം നൽകുന്ന കാര്യം പരിഗണിക്കുമോ?

**കേരള നിയമസഭ**
**20.06.2012 -ലെ മറുപടിക്ക്**

**ഐ.എ.വൈ പ്രകാരം പട്ടികജാതി വിഭാഗങ്ങൾക്ക് നീക്കിവച്ച തുക**

**2460 ശ്രീ. വി. ശശി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2011-12 വർഷത്തിൽ പട്ടികജാതി വികസന വകുപ്പുവഴി ഭവന നിർമ്മാണത്തിനായി ഓരോ ഗുണഭോക്താവിനും എത്ര രൂപാ വീതവും എത്രപേർക്ക് അനുവദിച്ചുവെന്നും ഈ ഇനത്തിൽ ആകെ എത്ര കോടി രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.എ.വൈ പ്രകാരം പട്ടികജാതി വിഭാഗങ്ങൾക്ക് നീക്കിവച്ച തുക എത്രയായിരുന്നു; അതിൽ എന്ത് തുക ചെലവഴിച്ചു;

(സി) ഐ.എ.വൈ പദ്ധതിയും പട്ടികജാതി വികസന വകുപ്പിന്റെ ഭവന നിർമ്മാണ പദ്ധതിയും സംയോജിപ്പിച്ച് കൂടുതൽ ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടുന്ന വിധം പദ്ധതി നടപ്പാക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.06.2012 -ലെ മറുപടിക്ക്

**<u>പട്ടികജാതി വിഭാഗങ്ങളിലെ ബി.പി.എൽ.കാർക്ക് ഭവന നിർമ്മാണ തുക ഉയർത്തിയ നടപടി</u>**

**2461 ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങളിലെ ബി.പി.എൽ.കാർക്ക് ഭവന നിർമ്മാണത്തിന് നൽകുന്ന തുകയുടെ പരിധി ഉയർത്തിയത് 2011 സെപ്റ്റംബർ മുതലാണെന്നുളളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2011-12 സാമ്പത്തിക വർഷത്തിൽ കരാർ വച്ചവരിൽ 2011 സെപ്റ്റംബർ മുതൽ ഉളളവർക്കാണോ ആനുകൂല്യം ലഭിക്കുക എന്ന് വിശദമാക്കാമോ;

(സി) എങ്കിൽ ഒരേ സാമ്പത്തിക വർഷം തന്നെ പണി തുടങ്ങിയ 2011 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെയുളള കാലയളവിൽ കരാർ വച്ചവർക്ക് ഈ ആനുകൂല്യം നിഷേധിക്കപ്പെടുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ 2011-12 സാമ്പത്തിക വർഷത്തിൽ കരാർവച്ച് പണി തുടങ്ങിയ എല്ലാവർക്കും ഉയർത്തിയ തുക അനുവദിക്കാനുളള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**<u>അടിസ്ഥാന സൗകര്യമില്ലാത്ത കോളനികളുടെ പുനരധിവാസം</u>**

**2462 ശ്രീ. പുരുഷൻ കടലുണ്ടി**

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

**റോഡ്, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ എർപ്പെടുത്താൻ സാങ്കേതിക തടസ്സങ്ങളുള്ള പ്രദേശങ്ങളിലെ പട്ടികജാതി കുടുംബങ്ങളെ ഭൂമിയും വീടും ലഭ്യമാക്കുന്ന വിധത്തിൽ പുനരധിവസിപ്പിക്കുന്നതിന് പഞ്ചായത്തുകൾക്ക് അനുമതി നൽകാമോ?**

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

<u>മിശ്രവിവാഹിതര്‍ക്ക് വിവാഹ ധനസഹായം</u>

2463

**ശ്രീ. രാജു എബ്രഹാം**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) മുന്‍ സര്‍ക്കാരിന്റെ കാലത്ത് പട്ടികജാതി വിഭാഗത്തില്‍പ്പെട്ടവര്‍ക്ക് എന്ത് തുക വിവാഹ ധനസഹായമായി വര്‍ദ്ധിപ്പിച്ചു നല്‍കിയെന്ന് അറിയിക്കുമോ;

(ബി) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം എത്ര മിശ്ര വിവാഹിതര്‍ ആനുകൂല്യത്തിനായി അപേക്ഷ നല്‍കിയെന്നും അപേക്ഷകര്‍ക്കായി എത്ര തുക വീതം നല്‍കിയെന്നും വെളിപ്പെടുത്തുമോ;

(സി) മിശ്രവിവാഹിതര്‍ക്കുള്ള വിവാഹ ധനസഹായം ഈ സര്‍ക്കാര്‍ വര്‍ദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കില്‍ എത്രയെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.06.2012 -ലെ മറുപടിക്ക്

## പട്ടികജാതിക്കാർക്ക് സൗജന്യ ചികിത്സ

2464

**ശ്രീമതി കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **പട്ടികവർഗ സമുദായങ്ങൾക്ക് നൽകിവരുന്നതുപോലെ പട്ടികജാതി സമുദായങ്ങൾക്കും സൗജന്യ ചികിത്സ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;**

(ബി) **ഇല്ലെങ്കിൽ മാരകമായ അപൂർവ്വരോഗബാധിതരായ പട്ടികജാതിക്കാർക്ക് സൗജന്യ ചികിത്സ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ?**

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**<u>പട്ടികജാതി കോളനികളുടെ ഉന്നമനത്തിനായി പദ്ധതികൾ</u>**

**2465 ശ്രീ. സി. ദിവാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പട്ടികജാതി കോളനികളുടെ ഉന്നമനത്തിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പാക്കിയത്;

(ബി) ഇതിനായി എന്തു തുക ചെലവഴിച്ചുവെന്നും എത്ര പേർക്ക് ഇതിന്റെ ഗുണം ലഭിച്ചുവെന്നും വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**20.06.2012 -ലെ മറുപടിക്ക്**

**അരൂർ നിയോജകമണ്ഡലത്തിലെ**
**പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ**

**2466 ശ്രീ. എ. എം. ആരീഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അരൂർ നിയോജക മണ്ഡലത്തിൽ ആകെ എത്ര കോളനികളുണ്ട് ; അതിൽ പട്ടികജാതി കോളനികളുടെയും പട്ടികവർഗ്ഗ കോളനികളുടെയും എണ്ണം എത്രയാണ് ;

(ബി) ജനറൽ വിഭാഗം സെറ്റിൽമെന്റ് കോളനികൾ എത്രയാണ് ;

(സി) പട്ടിജാതി- പട്ടികവർഗ്ഗ കോളനികളിൽ വെള്ളക്കെട്ട് ഇല്ലാതാക്കുക, കുടിവെള്ളം ലഭ്യമാക്കുക, കോളനികളിലേയ്ക്ക് റോഡുകൾ നിർമ്മിക്കുക, സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക, സെപ്റ്റിക് കക്കൂസുകൾ നിർമ്മിക്കുക എന്നിവയിലൂടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പദ്ധതികൾ തയ്യാറാക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കാമോ ; എങ്കിൽ അതിനാവശ്യമായ ഫണ്ട് ലഭ്യമാക്കുമോ എന്ന് വെളിപ്പെടുത്താമോ ?

**കേരള നിയമസഭ**
**20.06.2012 -ലെ മറുപടിക്ക്**

**<u>പദ്ധതി വിഹിത വിനിയോഗം</u>**

**2467**

**ശ്രീ. കെ. കെ. നാരായണൻ**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും**
**വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) **സംസ്ഥാനത്ത് 2001-06, 2006-11 എന്നീ കാലയളവുകളിൽ പട്ടികജാതി വികസന വകുപ്പിലെ പദ്ധതി വിനിയോഗത്തിന്റെ കണക്ക് ലഭ്യമാക്കുമോ;**

(ബി) **2011-12 ലെ പദ്ധതി വിഹിത വിനിയോഗം സംബന്ധിച്ച കണക്ക് വ്യക്തമാക്കുമോ ?**

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**<u>പട്ടികജാതി മേഖലയിൽ കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ</u>**

**2468 ശ്രീ. വി. ചെന്താമരാക്ഷൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

**ഈ സർക്കാർ അധികാരമേറ്റശേഷം കുടുംബശ്രീ മുഖേന പട്ടികജാതി മേഖലയിൽ നടപ്പാക്കുന്ന പദ്ധതികൾക്കായി എന്തു തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;**

**കേരള നിയമസഭ**
**20.06.2012 -ലെ മറുപടിക്ക്**

**<u>പട്ടികജാതി പ്രൊമോട്ടർമാരുടെ ഓണറേറിയം</u>**

**2469** **ശ്രീ. അൻവർ സാദത്ത്**
**,, വി. റ്റി. ബൽറാം**
**,, വി. പി. സജീന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദ
സഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പ്രമോട്ടർമാരുടെ ക്ഷേമത്തിനായി എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരുടെ ഓണറേറിയം കൂട്ടുന്ന കാര്യം പരിഗണിക്കുമോ;

(സി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

<u>പട്ടിക സമുദായത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ</u>

2470 ശ്രീ. മോൻസ് ജോസഫ്
,, സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പട്ടിക സമൂദായത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഉന്നത വിദ്യഭ്യാസ മേഖലയിലെങ്കിലും, അദ്ധ്യയന വർഷാരംഭത്തിൽ തന്നെ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**20.06.2012 -ലെ മറുപടിക്ക്**

**സർക്കാരിതര ഏജൻസികൾ വഴി വിദ്യാഭ്യാസ - ക്ഷേമ പ്രവർത്തനങ്ങൾ**

**2471 ശ്രീ. എം. ചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദ
സഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ ക്ഷേമ പ്രവർത്തനങ്ങൾ സർക്കാർ പ്രൈവറ്റ് ഏജൻസികളെ ഉപയോഗിച്ചു നടപ്പിലാക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) തൊഴിലധിഷ്ഠിത വിദ്യാഭ്യാസ കോഴ്സുകൾ പ്രൈവറ്റ് ഏജൻസികളെ ഉപയോഗപ്പെടുത്തി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ പ്രസ്തുത ഏജൻസികൾ ഏതൊക്കെയെന്നു വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലന പരിപാടി**

**2472 ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രൊഫഷണൽ കോളേജുകളിലേക്കുള്ള പ്രവേശന പരീക്ഷകളിൽ മികവ് പുലർത്തുന്നതിന് പട്ടികജാതി വിദ്യാർത്ഥികളെ സജ്ജരാക്കാൻ പ്രത്യേക പരിശീലന പരിപാടി ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇതിനായി സംസ്ഥാനത്തെ വിവിധ സ്ഥാപനങ്ങളിലെ വിദഗ്ദ്ധരായ അദ്ധ്യാപകരുടെ നേതൃത്വത്തിൽ പരിശീലന പരിപാടികൾക്ക് രൂപം നൽകുമോ;

(സി) സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലുള്ള എല്ലാ പട്ടികജാതി വിദ്യാർത്ഥികൾക്കും പ്രസ്തുത സൗകര്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ**

2473 ശ്രീ. എം. എ. ബേബി
,, പി. ശ്രീരാമകൃഷ്ണൻ
,, കെ. വി. വിജയദാസ്
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2011-2012 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ നിർമ്മിക്കാനുള്ള പദ്ധതി ലക്ഷ്യം കണ്ടതായി കരുതുന്നുണ്ടോ ; വിശദാംശം നൽകാമോ ;

(ബി) പ്രസ്തുത പദ്ധതി ലക്ഷ്യം നേടാതെ പോയെങ്കിൽ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

<u>എം.ആര്‍.എസുകളില്‍ പ്ലസ്ടു കോഴ്സ്</u>

2474 ശ്രീ. കെ. രാധാകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) മുന്‍ സര്‍ക്കാരിന്റെ കാലയളവില്‍ പട്ടികജാതി വികസന വകുപ്പില്‍ കീഴില്‍ എം.ആര്‍.എസുകളിലായി എത്ര പ്ലസ്ടു കോഴ്സുകള്‍ ആരംഭിച്ചുവെന്നും അതുവഴി പ്ലസ്ടുവിന് എത്ര സീറ്റുകളാണ് വര്‍ദ്ധിപ്പിച്ചതെന്നും വ്യക്തമാക്കുമോ ;

(ബി) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം എം.ആര്‍.എസുകളില്‍ എത്ര പ്ലസ്ടു കോഴ്സുകള്‍ ആരംഭിച്ചുവെന്നും അതുവഴി പ്ലസ്ടുവിന് എത്ര സീറ്റുകള്‍ വര്‍ദ്ധിപ്പിക്കാന്‍ കഴിഞ്ഞുവെന്നും അറിയിക്കുമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**പെരിങ്ങോം വയക്കരയിൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ**

**2475** **ശ്രീ. സി. കൃഷ്ണൻ**

താഴെ കാണുന്ന ചോദ്യത്തിന്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും കുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാർ പെരിങ്ങോം വയക്കരയിൽ പട്ടികജാതിയിൽപ്പെട്ട കുട്ടികൾക്ക് പഠിക്കുന്നതിനായി ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ അനുവദിച്ചിട്ടും പ്രസ്തുത സ്കൂളിന്റെ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

<u>പ്രീമെട്രിക് - പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ നവീകരണം</u>

**2476** ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് പട്ടികജാതി വകുപ്പിൻ കീഴിലുള്ള എത്ര പ്രീമെട്രിക് ഹോസ്റ്റലുകളുടെയും പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെയും നവീകരണ പ്രവർത്തനം നടത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) എങ്കിൽ ബഡ്ജറ്റിൽ എന്ത് തുക വകയിരുത്തിയിരുന്നുവെന്നും അതിൽ ഇതുവരെ എന്ത് തുക വിനിയോഗിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**എസ്‌സി - എസ്ടി കുട്ടികളുടെ ട്യൂഷൻ ഫീസ്**

**2477 ശ്രീ. മോൻസ് ജോസഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ITC കളിൽ പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ട്യൂഷൻ ഫീസ് എത്ര രൂപയായിട്ടാണ് നിശ്ചയിച്ചിരിക്കുന്നത്; ഇതിൽ കേന്ദ്ര ഗവൺമെന്റ് ഗ്രാന്റ് ഇൻ എയ്ഡ് എത്ര രൂപയാണ്;

(ബി) എസ്‌സി/എസ്ടി കുട്ടികളുടെ ട്യൂഷൻ ഫീസിനെ സംബന്ധിച്ച് 6739/A1/എസ്‌സി എസ്ടി നമ്പർ ഫയലിൻമേൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;ഈ ഫയലിൽ നടപടി സ്വീകരിക്കുന്നതിന് കാലതാമസം ഉണ്ടാകാനുള്ള കാരണം വ്യക്തമാക്കാമോ;

(സി) എസ്‌സി/എസ്ടി കുട്ടികളുടെ ട്യൂഷൻ ഫീസും സ്റ്റൈപന്റും വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇവ കൃത്യസമയത്ത് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**'ഇ ഗ്രാന്റ്സ് പദ്ധതി'**

**2478 ശ്രീ. കെ. രാധാകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ നടപ്പിലാക്കിയ വെബ് അധിഷ്ഠിത പദ്ധതിയായ 'ഇ ഗ്രാന്റ്സ് പദ്ധതി'യുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) വിദ്യാർത്ഥികൾക്ക് എ.ടി.എം മുഖേന ആനുകൂല്യങ്ങൾ കൈപ്പറ്റാൻ സാധിക്കുന്നത് സർക്കാരിനും വിദ്യാർത്ഥികൾക്കും സൗകര്യപ്രദമായിരിക്കുമെന്ന് വ്യക്തമായിട്ടുണ്ടോ;

(സി) എങ്കിൽ 'ഇ ഗ്രാന്റ്സ്' പദ്ധതിയുടെ വ്യാപനത്തിനായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**20.06.2012 -ലെ മറുപടിക്ക്**

<u>**വിജ്ഞാൻ വാടികൾ**</u>

**2479 ശ്രീ. ജെയിംസ് മാത്യു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളിലെ 5 സെന്റ് ഭൂമി സ്വന്തമായുള്ള അംഗൻവാടികളെ വിജ്ഞാൻവാടികളായി ഉയർത്തുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനുമുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ബി) തളിപ്പറമ്പ് നിയോജക മണ്ഡലത്തിൽ നിന്നും വിജ്ഞാൻ വാടിക്കായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(സി) ഇതിൽ എത്ര അപക്ഷകളിൽ അനുമതി ലഭ്യമാക്കിയിട്ടുണ്ട് എന്നും ആയവയുടെ പ്രവർത്തനം എന്ന് ആരംഭിക്കുമെന്നും അറിയിക്കാമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**പിന്നോക്കസമുദായത്തിന്റെ വിദ്യാഭ്യാസ വികസനം**

2480 ശ്രീ. പി. സി. വിഷ്ണുനാഥ്
,, കെ. ശിവദാസൻ നായർ
,, എം. പി. വിൻസെന്റ്
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക സമുദായ വിദ്യാഭ്യാസ വികസനം ലക്ഷ്യമാക്കി എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ;

(ബി) ഇവർക്കുള്ള വിദ്യാഭ്യാസ വായ്പ ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ ;

(സി) വായ്പ തിരിച്ചടയ്ക്കാൻ കഴിവില്ലാത്തവർക്ക് പലിശയിൽ ഇളവ് നൽകുന്ന കാര്യം ആലോചനയിലുണ്ടോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**പിന്നോക്ക സമുദായക്ഷേമ വകുപ്പിന്റെ പ്രവര്‍ത്തനങ്ങള്‍**

**2481 ശ്രീമതി ജമീലാ പ്രകാശം**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പിന്നോക്ക സമുദായക്ഷേമ വകുപ്പ് നിലവില്‍ വന്നതിനുശേഷം എന്തൊക്കെ പ്രവര്‍ത്തനങ്ങളാണ് നടത്തിയിട്ടുള്ളത്;

(ബി) വിശദാംശങ്ങള്‍ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**പിന്നോക്ക വിഭാഗ വികസന കോര്‍പ്പറേഷന്‍**
**വായ്പാ കുടിശ്ശിക**

2482 ശ്രീ. റോഷി അഗസ്റ്റിന്‍
,, പി. സി. ജോര്‍ജ്
ഡോ. എന്‍. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോര്‍പ്പറേഷനില്‍ നിന്ന് വിവിധ സ്കീമില്‍ വായ്പയെടുത്ത് കാലാവധി കഴിഞ്ഞിട്ടും തിരിച്ചടവ് പൂര്‍ത്തീകരിക്കാത്ത വകയില്‍ എന്ത് തുകയുടെ കുടിശ്ശികയാണ് അവശേഷിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) ഇപ്രകാരം കുടിശ്ശിക തിരിച്ചടയ്ക്കാന്‍ നിര്‍വ്വാഹമില്ലാത്തവര്‍ക്ക് ആശ്വാസം നല്കുന്നതിന് ഏതെങ്കിലും പദ്ധതി ആലോചിക്കുന്നുണ്ടോ; വിശദാംശങ്ങള്‍ നല്കുമോ;

(സി) കോര്‍പ്പറേഷന്‍ മുഖേന നല്കുന്ന വ്യക്തിഗത വായ്പകളുടെ നിലവിലുള്ള പരിധി ഉയര്‍ത്തുന്നതിന് പദ്ധതിയുണ്ടോ; വിശദാംശങ്ങള്‍ നല്കുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**മൺപാത്രനിർമ്മാണ സമുദായങ്ങൾക്ക് ജനസംഖ്യാനുപാതികമായി സംവരണം**

2483 **ശ്രീ. കെ. രാജു**

താഴെ കാണുന്ന ചോദ്യത്തിന്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മൺപാത്രനിർമ്മാണ സമുദായങ്ങൾക്ക് ജനസംഖ്യാനുപാതികമായി സംവരണം ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഭാഗത്തെ പട്ടികജാതിയിൽ ഉൾപ്പെടുത്തി സംവരണം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**20.06.2012 -ലെ മറുപടിക്ക്**

<u>ടൂറിസം നയം</u>

2484 **ശ്രീ. റ്റി. എന്‍. പ്രതാപന്‍**
**,, എ. റ്റി. ജോര്‍ജ്**
**,, പാലോട് രവി**
**,, ഷാഫി പറമ്പില്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദ
സഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന സര്‍ക്കാരിന്റെ ടൂറിസ നയം പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എങ്കില്‍ പ്രസ്തുത നയത്തിലെ പ്രധാന പ്രഖ്യാപനങ്ങള്‍ എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) ടൂറിസം വികസനത്തിന് ദിശാബോധം നല്‍കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്നത് ?

**കേരള നിയമസഭ**
**20.06.2012 -ലെ മറുപടിക്ക്**

<u>മലബാർ ടൂറിസം</u>

2485

ശ്രീ. റ്റി. എൻ. പ്രതാപൻ
,, ഷാഫി പറമ്പിൽ
,, പി. സി. വിഷ്ണുനാഥ്
,, എം. പി. വിൻസന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലബാർ ടൂറിസം വികസനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഉത്തരവാദിത്തത്തിന്റെ ഭാഗമായി തദ്ദേശവാസികളെ ഗുണഭോക്താക്കളാക്കിയും പ്രദേശത്തിന്റെ പങ്കാളിത്തവും വികസനവും ഉറപ്പാക്കിയിട്ടുള്ളതുമായ നയപരിപാടികൾ പദ്ധതിയിൽ ഉൾപ്പെടുത്തുമോ;

(സി) ഏതെല്ലാം ടൂറിസം മേഖലയ്ക്കാണ് പ്രസ്തുത പദ്ധതികളിൽ ഊന്നൽ നൽകാനുദ്ദേശിയ്ക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**20.06.2012 -ലെ മറുപടിക്ക്**

**<u>ഗൾഫ് വിപണി ലക്ഷ്യമാക്കി ടൂറിസം വികസനം</u>**

2486 **ശ്രീ. പാലോട് രവി**
**,, സി. പി. മുഹമ്മദ്**
**,, കെ. ശിവദാസൻ നായർ**
**,, വർക്കല കഹാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗൾഫ് വിപണി ലക്ഷ്യമാക്കി ടൂറിസം വികസനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്;

(ബി) ഇതിനായി ഗൾഫ് രാജ്യങ്ങളിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താനുദ്ദേശിക്കുന്നത്;

(സി) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

**കേരള നിയമസഭ**
**20.06.2012 -ലെ മറുപടിക്ക്**

**ടൂറിസം മാർക്കറ്റിംഗ്**

**2487 ശ്രീ. എം. എ. ബേബി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ടൂറിസം മാർക്കറ്റിംഗിന്റെ ഭാഗമായി ടൂറിസം വകുപ്പ് ഈ വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതിയുടെയും പരിപാടികളുടെയും വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇതിനായി ബന്ധപ്പെട്ട കമ്മിറ്റിയുടെ പരിഗണനയിലിരിക്കുന്ന പദ്ധതികളും പരിപാടികളും വിശദമാക്കാമോ;

(സി) വിദേശ രാജ്യങ്ങളിൽ നടത്തുന്ന റോഡ്ഷോകളിലും മാർട്ടുകളിലും പങ്കെടുക്കുന്നതിനുള്ള പരിപാടികൾക്ക് രൂപം നല്കിയിട്ടുണ്ടോ;

(ഡി) ടൂറിസം മാർക്കറ്റിംഗിന്റെ ഭാഗമായി ഈ വർഷം ഏതെല്ലാം വിദേശ രാജ്യങ്ങളിൽ ഏതെല്ലാം പരിപാടികളിൽ കേരളത്തെ പ്രതിനിധീകരിച്ച് ആരെല്ലാം പങ്കെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**വിനോദസഞ്ചാര പദ്ധതികൾ**

2488 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, എ.എം. ആരിഫ്
,, കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് പ്രഖ്യാപിച്ച പദ്ധതികൾ എല്ലാം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് മുൻവർഷവും ഈ വർഷവും എന്ത് തുക വീതമാണ് നീക്കി വെച്ചിരുന്നത്; ഇതിൽ മുൻവർഷവും ഈ വർഷവും ഭരണാനുമതി നൽകിയ പദ്ധതികളിൽ പണി പൂർത്തിയാക്കി കമ്മീഷൻ ചെയ്ത പദ്ധതികൾ എന്തു തുകയ്ക്കുള്ളതാണെന്നതു സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**20.06.2012 -ലെ മറുപടിക്ക്**

**<u>പുതിയ ടൂറിസം പദ്ധതികൾ</u>**

**2489 ശ്രീ. വി. ശശി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പുതിയ ടൂറിസം പദ്ധതികൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) 2011-2012 വർഷത്തിൽ പുതിയ പ്രോജക്ടുകൾക്കായി ബഡ്ജറ്റിൽ എത്ര തുക വക കൊള്ളിച്ചിട്ടുണ്ട് ; ഇത് ഏത് സ്രോതസ്സുകളിൽ നിന്നാണെന്ന് വ്യക്തമാക്കാമോ ;

(സി) ചിറയിൻകീഴ് നിയോജക മണ്ഡലത്തിലെ കഠിനംകുളം കായലും തീരപ്രദേശങ്ങളും ചേർന്നുള്ള വിനോദസഞ്ചാര മേഖലയിൽ നടപ്പാക്കുന്നതിന് എന്തെങ്കിലും പ്രോജക്ടുകൾ സമർപ്പിക്കപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രോജക്ടിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പ്രോജക്ട് നടപ്പാക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**സംസ്ഥാനത്തെ ടൂറിസത്തിന്റെ അടിസ്ഥാന വികസനത്തിനുള്ള പദ്ധതികള്‍**

**2490 ശ്രീ. വി. ചെന്താമരാക്ഷന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ ടൂറിസത്തിന്റെ അടിസ്ഥാന വികസനത്തിനായി മുന്‍ സര്‍ക്കാരിന്റെ കാലത്ത് എത്ര പദ്ധതികള്‍ക്കാണ് രൂപം നല്‍കിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം ടൂറിസത്തിന്റെ അടിസ്ഥാന വികസനത്തിനായി എത്ര പുതിയ പദ്ധതികള്‍ ആവിഷ്കരിച്ചു നടപ്പാക്കിയെന്ന് വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

### ടൂറിസം വകസന പദ്ധതികളുടെ നടത്തിപ്പ്

2491 ശ്രീ. എ. റ്റി. ജോര്‍ജ്
,, സണ്ണി ജോസഫ്
,, പി. സി. വിഷ്ണുനാഥ്
,, വി. റ്റി. ബല്‍റാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം ടൂറിസം പദ്ധതികളുടെ നടത്തിപ്പിനായി എന്തെല്ലാം പ്രവര്‍ത്തനങ്ങളാണ് നടത്തിയിട്ടുള്ളത് ;

(ബി) എങ്കില്‍ എത്ര ടൂറിസം പദ്ധതികളാണ് ഉത്ഘാടനം ചെയ്തത് ; വിശദാംശം നല്കാമോ ;

(സി) പ്രസ്തുത പദ്ധതികളുടെ നിര്‍മ്മാണവും പുതിയ പദ്ധതികളുടെ അനുമതിയും സംബന്ധിച്ച വിവരങ്ങള്‍ നല്കാമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

<u>വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനു പദ്ധതികൾ</u>

2492 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനു വേണ്ടി ഇപ്പോൾ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കുന്നത് എന്നും ഇതിനു വേണ്ടി എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

<u>ടൂറിസം മാസ്റ്റർ പ്ലാൻ</u>

2493 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, വി. ഡി. സതീശൻ
,, വർക്കല കഹാർ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ടൂറിസം വകുപ്പ് സംസ്ഥാനതല ടൂറിസം മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ ഉദ്ദേശിക്കുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത മാസ്റ്റർ പ്ലാൻ പ്രകാരം സംസ്ഥാനത്തെ അന്താരാഷ്ട്ര ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിനായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പരിപാടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**"ഈസ്റ്റേൺ കോറിഡോർ ഇക്കോ സർക്യൂട്ട് പദ്ധതി"**

2494 **ശ്രീ. കെ. ദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള "ഈസ്റ്റേൺ കോറിഡോർ ഇക്കോ സർക്യൂട്ട് പദ്ധതി" എന്താണെന്നും അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ, അത് വിഭാവനം ചെയ്യുന്ന പദ്ധതികൾ എന്നിവ എന്താണെന്നും വിശദമാക്കുമോ;

(ബി) മുൻ സർക്കാർ പ്രഖ്യാപിച്ച കൊയിലാണ്ടി മണ്ഡലത്തിലെപന്തലായനി സ്പൈസ് റൂട്ട് ഹെറിറ്റേജ് വില്ലേജ് പദ്ധതി, സർക്കാർ ഇപ്പോൾ പ്രഖ്യാപിച്ച ടൂറിസം പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ്**

2495 **ശ്രീ. കെ. ദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ടൂറിസം വകുപ്പിന്റെ ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജിന്റെ വികസനത്തിനായുള്ള എന്തെല്ലാം തുടർ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത ക്രാഫ്റ്റ് വില്ലേജിന്റെ അടുത്ത ഘട്ട പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) ഈ വർഷത്തെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളിൽപ്പെടുത്തിക്കൊണ്ട് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) ക്രാഫ്റ്റുകാരുടെയും സൊവനീറുകാരുടെയും വികസനത്തിനായും ഈ രംഗത്ത് വില്ലേജിൽ പ്രവർത്തിച്ചുവരുന്നവരുടെ നിലനില്പിനും ഉതകുന്ന എന്തെങ്കിലും പദ്ധതി തയ്യാറായിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**കെ.റ്റി.ഡി.സി യുടെ ടൂറിസം വികസന പദ്ധതികൾ കാര്യക്ഷമമമാക്കുന്നതിന് നടപടി**

**2496 ശ്രീ. സാജു പോൾ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദ
സഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള ടൂറിസം വികസന കോർപ്പറേഷന്റെ കീഴിൽ സംസ്ഥാനത്ത് നടന്നുവരുന്ന ടൂറിസം വികസന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമമാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനം ഇപ്പോൾ ലാഭത്തിലാണോ പ്രവർത്തിക്കുന്നത്; ഇല്ലെങ്കിൽ ലാഭകരമാക്കുന്നതിനായി എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്;

(സി) കെ.റ്റി.ഡി.സി യുടെ പ്രവർത്തനങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത സ്ഥാപനത്തിലെ കരാർ തൊഴിലാളികൾക്ക് മിനിമം വേതനം നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനു നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**20.06.2012 -ലെ മറുപടിക്ക്**

<u>**ടൂറിസം രംഗത്തെ നേട്ടങ്ങള്‍**</u>

**2497** **ശ്രീ. തേറമ്പില്‍ രാമകൃഷ്ണന്‍**
**,, ബെന്നി ബെഹനാന്‍**
**,, ഡൊമിനിക് പ്രസന്റേഷന്‍**
**,, സണ്ണി ജോസഫ്**

**താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്**
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നല്‍കുമോ:**

**(എ)** **ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം ടൂറിസം രംഗത്ത് എന്തെല്ലാം നേട്ടങ്ങള്‍ കൈവരിച്ചിട്ടുണ്ട്; വിശദമാക്കുമോ;**

**(ബി)** **ഇക്കാലയളവില്‍ വിദേശ വിനോദ സഞ്ചാരികളുടെയും ആഭ്യന്തര സഞ്ചാരികളുടെയും വര്‍ദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങള്‍ നല്‍കുമോ;**

**(സി)** **ഇതിലൂടെ എത്രകോടി രൂപയുടെ വരുമാന വര്‍ദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?**

**കേരള നിയമസഭ**
**20.06.2012 -ലെ മറുപടിക്ക്**

**<u>ഡെസ്റ്റിനേഷൻ മാനേജ്മെന്റ്</u>**

**2498 ശ്രീ. സാജു പോൾ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനവും മാനേജ്മെന്റും ലക്ഷ്യമിട്ട് മുൻ സർക്കാർ ആരംഭിച്ച ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലിന്റെ (ഡി. എം. സി) പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത കൗൺസിലിന്റെ ഘടനയും പ്രവർത്തനങ്ങളും എന്തെല്ലാമാണെന്ന് അറിയിക്കുമോ ;

(സി) നിലവിലുള്ള ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സാധിച്ചിട്ടുള്ളതായി കരുതുന്നുണ്ടോ ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് പുതുതായി ഡി. എം. സി. കൾ രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

**കേരള നിയമസഭ**
**20.06.2012 -ലെ മറുപടിക്ക്**

**ടൂറിസം മേഖലയിൽ ക്വാളിറ്റി എഡ്യൂക്കേഷൻ**

**2499 ശ്രീ. എളമരം കരീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിലെ ക്വാളിറ്റി എഡ്യൂക്കേഷൻ ഉറപ്പുവരുത്താൻ കൗൺസിൽ ഓഫ് ക്വാളിറ്റി എഡ്യൂക്കേഷൻ ഇൻ ടൂറിസം രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ;

(സി) ഇതിനാവശ്യമായ ഫണ്ട് വകയിരുത്തിയിട്ടുണ്ടോ ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

<u>ടൂറിസം അടിസ്ഥാന വികസന പദ്ധതി</u>

2500 **ശ്രീ. എളമരം കരീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ടൂറിസം അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ ഭാഗമായി ഈ വർഷം എത്ര പ്രവൃത്തികൾക്ക് വർക്കിംഗ് ഗ്രൂപ്പ് ഭരണാനുമതി നല്കിയിട്ടുണ്ട്; അവ ഏതൊക്കെ;

(ബി) ഈ വർഷം പരിഗണിക്കാനിരിക്കുന്ന മറ്റ് പ്രവൃത്തികൾ ഏതെല്ലാമാണ്;

(സി) ഈ വർഷം കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പാക്കുന്നതിനായി ഇതിനകം കേന്ദ്രാനുമതി ലഭിച്ച പദ്ധതികൾ ഏതെല്ലാമാണ്;

(ഡി) കഴിഞ്ഞ ആറു വർഷ കാലയളവിൽ ഓരോ വർഷവും എത്ര കോടി രൂപയ്ക്കുളള പദ്ധതികൾക്കാണ് കേന്ദ്ര സർക്കാരിൽ നിന്നും ഭരണാനുമതി ലഭിച്ചതെന്ന് വിശദമാക്കാമോ ?

**കേരള നിയമസഭ**
**20.06.2012 -ലെ മറുപടിക്ക്**

**കൂടുതൽ ടൂറിസ്റ്റുകൾ സന്ദർശിച്ച ജില്ലകൾ**

**2501**

**ശ്രീ. എസ്. രാജേന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2008 മുതൽ 2012 വരെ സംസ്ഥാനത്തെ ഏതു ജില്ലകളിലാണ് ഏറ്റവും കൂടുതൽ വിദേശ-ആഭ്യന്തര ടൂറിസ്റ്റുകൾ സന്ദർശിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഓരോ വർഷവും എത്ര ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്?

# കേരള നിയമസഭ
# 20.06.2012 -ലെ മറുപടിക്ക്

**<u>ടൂറിസം വകുപ്പിന് അന്താരാഷ്ട്ര പുരസ്കാരങ്ങൾ</u>**

**2502 ശ്രീ. കെ. രാധാകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ടൂറിസം വകുപ്പിന് സമീപകാലത്ത് അന്താരാഷ്ട്ര പുരസ്കാരങ്ങൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വകുപ്പ് നടപ്പിലാക്കിയ ഏതെല്ലാം പദ്ധതികളെ പരിഗണിച്ചാണ് പ്രസ്തുത പുരസ്കാരങ്ങൾ ലഭിച്ചത്;

(സി) പ്രസ്തുത പദ്ധതികൾ എപ്പോഴാണ് പ്രവർത്തനം ആരംഭിച്ചത് എന്ന് വെളിപ്പെടുത്താമോ;

(ഡി) ഏതെല്ലാം പദ്ധതികളാണ് തുടർന്ന് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

<u>ഔദ്യോഗിക വസതികളുടെ നാമകരണം</u>

2503 **ശ്രീ. സാജു പോൾ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) താമസിക്കുവാൻ അനുവദിക്കുന്ന ഔദ്യോഗിക വസതികളുടെ നാമകരണം നടത്താൻ മന്ത്രിമാർക്ക് അധികാരമുണ്ടോ;

(ബി) സർക്കാർ വസതിയിൽ താമസിക്കുന്ന ഏതെങ്കിലും മന്ത്രി വസതിയുടെ പേര് മാറ്റിയിട്ടുണ്ടോ; എങ്കിൽ ഈ പേര് മാറ്റം സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(സി) ഔദ്യോഗിക വസതി താമസത്തിനല്ലാതെ മറ്റെന്തെങ്കിലും ആവശ്യത്തിന് ഉപയോഗിക്കാൻ അധികാരമുണ്ടോ;

(ഡി) വിദ്യാഭ്യാസ വകുപ്പ് മന്ത്രിക്ക് താമസിക്കാൻ നൽകിയ ഔദ്യോഗിക വസതിയുടെ പേര് എന്താണെന്ന് വ്യക്തമാക്കാമോ; ഈ വസതിയ്ക്ക് മന്ത്രി സ്വന്തം നിലയിൽ നാമകരണം ചെയ്തത് അംഗീകരിക്കുന്നുണ്ടോയെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

<u>പത്തനംതിട്ട ജില്ലാ ടൂറിസം വികസന മാസ്റ്റര്‍ പ്ലാന്‍</u>

2504 ശ്രീ. ചിറ്റയം ഗോപകുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പത്തനംതിട്ട ജില്ലയുടെ ടൂറിസം സാദ്ധ്യതകള്‍ വിലയിരുത്തി ജില്ലാതല ടൂറിസം വികസനത്തിനായി ഒരു മാസ്റ്റര്‍ പ്ലാന്‍ തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കില്‍ അത്തരമൊരു മാസ്റ്റര്‍ പ്ലാന്‍ തയ്യാറാക്കി പത്തനംതിട്ട ജില്ലയില്‍ ടൂറിസം വികസനം യാഥാര്‍ത്ഥ്യമാക്കുമോ ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

<u>അടൂര്‍ പുതിയകാവില്‍ചിറ വാട്ടര്‍ ടൂറിസം വികസനം</u>

2505 ശ്രീ. ചിറ്റയം ഗോപകുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) അടൂര്‍ നിയോജക മണ്ഡലത്തില്‍ അടൂര്‍ എം.സി. റോഡിനോട് ചേര്‍ന്നുള്ള പുതിയകാവില്‍ചിറ വാട്ടര്‍ ടൂറിസം പദ്ധതി നിലച്ചകാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) ടൂറിസം-ഇറിഗേഷന്‍ വകുപ്പുകള്‍ സംയുക്തമായി 1 കോടി 80 ലക്ഷം രൂപയുടെ നിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍ ലക്ഷ്യമിട്ടതില്‍, ഒരു വഴിയോര വിശ്രമകേന്ദ്രം മാത്രമായി പരിമിതപ്പെടുത്തിയിട്ടുള്ളത് പുന:പരിശോധിക്കുമോ ;

(സി) പുതിയകാവില്‍ചിറയുടെ ഭൂമിശാസ്ത്രപരവും, ജൈവപരവുമായ പ്രത്യേകത വാട്ടര്‍ ടൂറിസം വികസന സാദ്ധ്യതയ്ക്കുതകുന്നതാകയാല്‍ കുട്ടികളുടെ പാര്‍ക്കും, ബോട്ടിംഗ് സൗകര്യവും മറ്റും ആരംഭിച്ച് ശ്രദ്ധേയമായ വിനോദസഞ്ചാര കേന്ദ്രമാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 20.06.2012 –ലെ മറുപടിക്ക്

**വിനോദസഞ്ചാര വികസന പദ്ധതി**

**2506** **ശ്രീ. എസ്. രാജേന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി – പിന്നോക്കസമുദായക്ഷേമവും വിനോദ
സഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇലവീഴാപൂഞ്ചിറ, ഇല്ലികകല്ല്, അയ്യംപാറ, മാർമ്മല അരുവി, വാഗമൺ എന്നിവയെ ബന്ധപ്പെടുത്തിക്കൊണ്ടുള്ള വിനോദസഞ്ചാര വികസന പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) ഇതിൽ ഏതെങ്കിലും പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെന്നും ഏതെല്ലാം പ്രവർത്തനങ്ങൾക്കാണ് തുടക്കം കുറിച്ചിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 20.06.2012 -ലെ മറുപടിക്ക്

**കയർ ഗ്രാമം പദ്ധതി**

**2507 ശ്രീ. എ.എം. ആരിഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ അരൂക്കുറ്റിയിൽ എക്സൈസ്, ആരോഗ്യം, റവന്യൂ എന്നീ വകുപ്പുകളുടെ കൈവശമുള്ള പ്രദേശത്ത് കയർ ഗ്രാമം പദ്ധതി നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നു വ്യക്തമാക്കുമോ;

(സി) എക്സൈസ്, ആരോഗ്യം, റവന്യൂ വകുപ്പുകളുടെ കൂടി ഭൂമി ടൂറിസം വകുപ്പിന് സ്ഥിരമായി കൈമാറുന്നതിനോ അല്ലെങ്കിൽ പെർമിസ്സീവ് സാംങ്ഷൻ ലഭിക്കുന്നതിനോ വേണ്ടി ബന്ധപ്പെട്ട വകുപ്പു മന്ത്രിമാരുടെയോ വകുപ്പു മേധാവികളുടെയോ അടിയന്തിര യോഗം വിളിച്ചു ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**20.06.2012 -ലെ മറുപടിക്ക്**

**<u>മുള്ളൻ തണ്ട് സൈബർ ടോപ്പ്</u>**

**2508 ശ്രീ. കെ. കെ. ജയചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിൽ മുള്ളൻ തണ്ട് സൈബർ ടോപ്പ് ആരംഭിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകാമോ ;

(സി) ഈ പദ്ധതി ഈ വർഷം തന്നെ ആരംഭിക്കുമോയെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**ഇടുക്കി ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ വികസന പദ്ധതി**

**2509 ശ്രീ. എസ്. രാജേന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ വികസന പദ്ധതിയുടെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ;

(ബി) ഇതിനായി എന്തു തുകയാണ് നീക്കിവെച്ചിട്ടുള്ളത്;

(സി) ഇതിനകം എന്തു തുക ചെലവഴിക്കപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

<u>അമ്പലപ്പുഴ മണ്ഡലത്തിലെ ടൂറിസം വികസനം</u>

2510 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തോട്ടപ്പള്ളി-പൊഴിമുഖം ടൂറിസ പദ്ധതി സംബന്ധിച്ച് സാധ്യതാപഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കരൂർ സുനാമി പദ്ധതി പ്രദേശത്ത് മൂന്നു ഏക്കർ വരുന്ന കടൽതീര പുറമ്പോക്ക് പ്രയോജനപ്പെടുത്തി ബീച്ച് ടൂറിസത്തിന് പദ്ധതി തയ്യാറാക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) 2012-13 സാമ്പത്തിക വർഷത്തിൽ ആലപ്പുഴ ജില്ലയിൽ ടൂറിസം വികസനത്തിനായി എന്തു തുകയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

<u>ചെറായി ബീച്ചിലെ പാർക്കിംഗ് സൗകര്യം</u>

2511 **ശ്രീ. എസ്. ശർമ്മ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദ
സഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ ചെറായി ബീച്ചിൽ ഫീസോടെ പാർക്കിംഗ് നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്ന സ്ഥലത്തെ സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ;

(ബി) പാർക്കിംഗ് ഫീസ് പിരിച്ചെടുക്കുന്നതിന് ചുമതലപ്പെട്ട സ്ഥാപനം ഏതെന്നും, കഴിഞ്ഞ അഞ്ചു വർഷകാലയളവിൽ ഈ ഇനത്തിൽ പിരിച്ചെടുത്ത തുക എത്രയെന്നും വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ അഞ്ചുവർഷകാലയളവിൽ ചെറായി ബീച്ച് വികസനത്തിന് ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**അങ്കമാലിയിൽ 'ടൂറിസ്റ്റ് പ്രൊട്ടക്ഷൻ സെന്റർ'**

2512 **ശ്രീ. ജോസ് തെറ്റയിൽ**

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

**അങ്കമാലി നിയോജകമണ്ഡലത്തിലെ മലയാറ്റൂർ നീലിശ്വരം, കാലടി എന്നീ ഗ്രാമപഞ്ചായത്തുകളിൽ വിനോദസഞ്ചാരികളുടെയും തീർത്ഥാടകരുടെയും സംരക്ഷണത്തിനുവേണ്ടി 20 ലക്ഷം രൂപ വീതം 40 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ള 'ടൂറിസ്റ്റ് പ്രൊട്ടക്ഷൻ സെന്റർ' ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?**

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**പാലക്കാട് ജില്ലയിലെ ടൂറിസം വികസനത്തിനുള്ള പദ്ധതികള്‍**

2513 **ശ്രീ. എന്‍. ഷംസുദ്ദീന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാ
രവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പാലക്കാട് ജില്ലയിലെ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് എന്തെല്ലാം വികസന പദ്ധതികളാണ് നടപ്പിലാക്കാന്‍ ഉദ്ദേശിക്കുന്നത്;

(ബി) അട്ടപ്പാടി, സൈലന്റ് വാലി, ശിരുവാണി എന്നിവിടങ്ങളില്‍ ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കില്‍ അതിന്റെ പ്രാരംഭ പ്രവര്‍ത്തനങ്ങള്‍ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

### വിനോദ സഞ്ചാരകേന്ദ്ര വികസനം

2514 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്വദേശികളും വിദേശികളുമായ വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന കോഴിക്കോട് ജില്ലയിലെ പ്രധാനപ്പെട്ട വിനോദ സഞ്ചാര കേന്ദ്രങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) വടകരയിലെ സാൻബാങ്ക്സ്, പഴകുറ്റിമല, തച്ചോളി ഒതേനന്റെ ക്ഷേത്രം സ്ഥിതി ചെയ്യുന്ന തച്ചോളി മാണിക്കോത്ത് ഏറാമലയിലെ നടുത്തുരുത്ത് എന്നീ സ്ഥലങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട് വിനോദസഞ്ചാരികളെ ആകർഷിക്കുന്ന വിധത്തിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**കോഴിക്കോട് മാനാഞ്ചിറയിൽ സാമൂതിരി ടവർ**

**2515 ശ്രീ. എളമരം കരീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മാനാഞ്ചിറയിൽ സാമൂതിരി ടവറും കുഞ്ഞാലി മരയ്ക്കാർ ഗാർഡനും സ്ഥാപിക്കുമെന്ന സപ്തധാരാ പദ്ധതിയുടെ പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഇതിനാവശ്യമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**കോഴിക്കോട് ജില്ലയിലെ ടൂറിസം പദ്ധതികൾ**

2516 **ശ്രീ. കെ. ദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദ
സഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കോഴിക്കോട് ജില്ലയിൽ നടപ്പാക്കിയ ടൂറിസം പദ്ധതികൾ ഏതെല്ലാം; വ്യക്തമാക്കുമോ; ഈ പദ്ധതികളിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്നത് ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) കൊയിലാണ്ടി മണ്ഡലത്തില ഇരിങ്ങലിൽ സ്ഥിതി ചെയ്യുന്ന "ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജിന്റെ" രണ്ടാം ഘട്ട വികസനത്തിനായി എന്തെങ്കിലും പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ;

(സി) ഈ സ്ഥാപനത്തിന്റെ നിലവാരം ഉയർത്താൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**വയനാട് ജില്ലയിലെ ടൂറിസം വികസനത്തിന് സ്വീകരിച്ച നടപടികൾ**

**2517 ശ്രീ. എം. വി. ശ്രേയാംസ് കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദ
സഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാകരമേറ്റശേഷം വയനാട് ജില്ലയിലെ ടൂറിസം വികസനത്തിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) ജില്ലയിലെ ടൂറിസം വികസനത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) നടപ്പു സാമ്പത്തിക വർഷം ജില്ലയിലെ ടൂറിസം വികസനത്തിനായി അനുവദിച്ച തുകയുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**പെരുവണ്ണാമൂഴി വിനോദസഞ്ചാര കേന്ദ്രം വികസനം**

**2518** **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പെരുവണ്ണാമൂഴി വിനോദസഞ്ചാര കേന്ദ്രം വികസിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ;

(ബി) ഇതിനുവേണ്ടി എന്ത് തുക അനുവദിച്ചിട്ടുണ്ട്, അതിൽ എന്ത് തുക ചെലവഴിച്ചു, ഏതെല്ലാം പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കേന്ദ്രം വികസിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ത് തുക അനുവദിച്ചു എന്നും വെളിപ്പെടുത്തുമോ ;

(ഡി) എങ്കിൽ ഏതെല്ലാം പ്രവൃത്തികൾ ഏത് വകുപ്പിൻ കീഴിൽ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**കാസര്‍ഗോഡ് ജില്ലയില്‍ ബി. ആര്‍. ഡി. സി. ലീസിന് കൊടുത്ത റിസോര്‍ട്ട് സൈറ്റുകള്‍**

**2519** **കെ. കുഞ്ഞിരാമന്‍ (ഉദുമ)**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കാസര്‍ഗോഡ് ജില്ലയില്‍ ബി. ആര്‍. ഡി. സിയുടെ കൈവശം എത്ര റിസോര്‍ട്ട് സൈറ്റുകള്‍ ഉണ്ട്;

(ബി) ഇവ ആര്‍ക്കൊക്കെയാണ് ലീസിന് നല്‍കിയിട്ടുളളതെന്നും ലീസിനത്തില്‍ ബി. ആര്‍. ഡി. സി ക്ക് ഓരോ റിസോര്‍ട്ട് സൈറ്റില്‍ നിന്നും ഓരോ വര്‍ഷവും എന്ത് തുക വരുമാനമായി ലഭിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(സി) ലീസിനത്തില്‍ ഓരോ റിസോര്‍ട്ട് സൈറ്റ് ഉടമയും ബി. ആര്‍. ഡി. സി. ക്ക് കുടിശ്ശിക വരുത്തിയിട്ടുണ്ടോ; എങ്കില്‍ കുടിശ്ശിക തുക എത്രയെന്നു പ്രത്യേകം പ്രത്യേകം വിശദമാക്കാമോ?

**കേരള നിയമസഭ**
**20.06.2012 -ലെ മറുപടിക്ക്**

**<u>തച്ചങ്ങാട് കൾച്ചറൽ സെന്റർ</u>**

**2520**

**ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബി.ആർ.ഡി.സി. തച്ചങ്ങാട് കൾച്ചറൽ സെന്റർ സ്ഥാപിക്കുന്നതിന് തറക്കല്ലിട്ടിരുന്നുവോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത സെന്റർ സ്ഥാപിക്കുന്നതിന് എത്ര ലക്ഷം രൂപയാണ് ചെലവഴിക്കുന്നത്; ആയതിന് ടൂറിസം വകുപ്പ് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) തറക്കല്ലിട്ടതിനു ശേഷം പ്രസ്തുത സ്ഥാപനത്തിന്റെ നിർമ്മാണ പുരോഗതി എപ്രകാരമാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**'റാണിപുരം' ടൂറിസം പദ്ധതി**

**2521 ശ്രീ. ഇ. ചന്ദ്രശേഖരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ 'റാണിപുരം' ടൂറിസം പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ;

(ബി) എങ്കിൽ ടൂറിസ്റ്റ് കേന്ദ്രം പ്രവർത്തനമാരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

(സി) ടൂറിസ്റ്റ് കേന്ദ്രത്തിന്റെ നടത്തിപ്പ് ചുമതല ആർക്കാണെന്ന് വ്യക്തമാക്കാമോ;

(ഡി) റാണിപുരം ടൂറിസ്റ്റ് കേന്ദ്രത്തിന്റെ പ്രവർത്തനം ഡി.ടി.പി.സി യുടെ കീഴിൽ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**20.06.2012 -ലെ മറുപടിക്ക്**

**ബേക്കൽ കുടിവെള്ള പദ്ധതി**

**2522 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ബേക്കൽ കുടിവെള്ള പദ്ധതിയുടെ അറ്റകുറ്റപ്പണികൾക്കായി എത്ര ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് വാട്ടർ അതോറിറ്റി ടൂറിസം വകുപ്പിന് സമർപ്പിച്ചിട്ടുള്ളത്;

(ബി) ഈ തുക ടൂറിസം വകുപ്പ് വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**കഠിനംകുളം കായൽ സർക്യൂട്ട് പദ്ധതി**

**2523 ശ്രീ. ബി. സത്യൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദ
സഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കഠിനംകുളം കായൽ സർക്യൂട്ട് പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**<u>അഷ്ടമുടിക്കായൽ സർക്യൂട്ട് പദ്ധതി</u>**

**2524 ശ്രീ. പി.കെ. ഗുരുദാസൻ**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:**

(എ) **അഷ്ടമുടിക്കായൽ സർക്യൂട്ട് പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ;**

(ബി) **പ്രസ്തുത പദ്ധതിയുടെ സാധ്യതകൾ എന്തെല്ലാമാണ്;**

(സി) **പ്രസ്തുത പദ്ധതി സപ്തധാരാപദ്ധതിയിൽ ഉൾപ്പെടുത്തി ഉദ്ഘാടനം നടത്തുമെന്ന പ്രഖ്യാപനം നടപ്പാക്കപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?**

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

<u>ശിവഗിരി കൺവെൻഷൻ സെന്ററിന്റെ നിർമ്മാണം</u>

2525 ശ്രീ. പി.കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ശിവഗിരി കൺവെൻഷൻ സെന്ററിന്റെ നിർമ്മാണം സപ്തധാരാ പദ്ധതിയിൽ ഉൾപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ അതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഏത് ഏജൻസി മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് എന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**<u>കോട്ടപ്പുറം-പടന്ന-വെളളാച്ച് റോഡ് നിർമ്മാണം</u>**

**2526 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ടൂറിസം പദ്ധതിയിൽപ്പെടുത്തി അനുവദിച്ച കോട്ടപ്പുറം -പടന്ന-വെളളാച്ച് റോഡ് നിർമ്മാണം ഏറ്റെടുത്ത കരാറുകാരൻ പ്രസ്തുത പണി പൂർത്തീകരിക്കാൻ വൈകിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡ് നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**കൊച്ചിൻ മറീനാ പദ്ധതി**

2527 **ശ്രീ. സാജു പോൾ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ ബോൾഗാട്ടിയിൽ കെ. ടി. ഡി. സി. യുടെ ആഭിമുഖ്യത്തിൽ മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച കൊച്ചിൻ മറീനാ പദ്ധതി ഇപ്പോഴും തുടരുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ വ്യാപനത്തിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 20.06.2012 -ലെ മറുപടിക്ക്

**<u>തൃശ്ശൂർ ഡി. റ്റി. പി. സി. സെക്രട്ടറിയുടെ ഒഴിവ്</u>**

**2528 ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ഡി. റ്റി. പി. സി.യിൽ സെക്രട്ടറി തസ്തിക കഴിഞ്ഞ 2 വർഷമായി ഒഴിഞ്ഞുകിടക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത തസ്തികയിലേക്ക് നിയമനം നടത്തുന്നതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) തൃശ്ശൂർ ഡി. റ്റി. പി. സി.യിൽ അടിയന്തിരമായി സെക്രട്ടറിയെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. കെ. മുരളീധരൻ,
തിരുവനന്തപുരം സെക്രട്ടറി - ഇൻ - ചാർജ്
2012 ജൂൺ 11.

"T" ഇന്നത്തേയ്ക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.